ഫാറം – I

2021 - ലെ കേരള നഗര - ഗ്രാമാസൂത്രണ

(വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ

(ചട്ടം 4(1)കാണുക)

## കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**2016 - ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016 ലെ 9-ാം ആക്ട്) 46-ാംവകുപ്പിലെ 1-ാംഉപവകുപ്പ് പ്രകാരം കൊല്ലം നഗരത്തിലെ ചാമക്കട മാർക്കറ്റും പരിസരപ്രദേശങ്ങളും ഉൾപ്പെടുന്ന കോർ സിറ്റി ഏരിയക്ക് ലോക്കൽ ഏരിയ പ്ലാൻ )LAP) തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം**

കൊല്ലം ജില്ലയുടെ സംയോജിത ജില്ലാ വികസന രുപരേഖയിൽ ചിന്നക്കടയെ ജില്ലയുടെ പ്രധാന വ്യാപാരകേന്ദ്രമായി പരിഗണിച്ചിട്ടുള്ളതാണ്. കുടാതെ, അമൃത് 1.0 പദ്ധതിയുടെ ഭാഗമായി കൊല്ലം നഗരത്തിനായി അംഗീകരിച്ച മാസ്റ്റർ പ്ലാനിൽ ഈ പ്രദേശത്തിന്റെ പ്രാധാന്യം നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും അടിയന്തിര ഇടപെടലുകൾ ആവശ്യമാണ് എന്ന് നിർദേശിച്ചിട്ടുള്ളതുമാണ്. നഗരത്തിലെ അതിപുരാതനമായ ചാമക്കട മാർക്കറ്റും പരിസരപ്രദേശങ്ങളും ഉൾപ്പെടുന്ന കോർ സിറ്റി ഏരിയയിലെ പൊതു സ്ഥലങ്ങൾ വികസിപ്പിച്ച്, വാണിജ്യസൗകര്യങ്ങൾ നവീകരിച്ച്, ആകർഷകവും സുസ്ഥിരവുമായ നഗരവാതാവരങ്ങൾ സൃഷ്ടിക്കുകയും പുനരുദ്ധാരണവും നവീകരണവും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ചിന്നക്കടയെ സജീവമായ നഗര ഹബ്ബായി മാറ്റി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ലോക്കൽ ഏരിയ പ്ലാൻ (LAP) തയ്യാറാക്കുവാനും വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും ചട്ട പ്രകാരം ടി ഉദ്ദേശ്യം പ്രസിദ്ധപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചിരിക്കുന്നു. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ 46-ാംവകുപ്പിലെ 1-ാംഉപവകുപ്പ് പ്രകാരം, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ താഴെ വിശദമാക്കിയിരിക്കുന്ന ഉദ്ദേശ്യങ്ങളോടും ലക്ഷ്യങ്ങളോടും കുടി ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കാൻ 18/10/2024 തീയതിയിൽ നടന്ന യോഗത്തിലെ 6 നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

**(എ.) പദ്ധതിയുടെ ഉദ്ദേശ്യം**

കൊല്ലം നഗരത്തിലെ അതിപുരാതന വാണിജ്യ കേന്ദ്രമായ ചാമക്കട മാർക്കറ്റും പരിസരപ്രദേശങ്ങളും ഉൾപ്പെടുന്ന കോർ സിറ്റി ഏരിയയിലെ പൊതു സ്ഥലങ്ങൾ മെച്ചപ്പെടുത്തി, മാർക്കറ്റ്, വാണിജ്യ സൗകര്യങ്ങൾ നവീകരിച്ച്, ആകർഷകവും സുസ്ഥിരവുമായ പരിസരങ്ങൾ സൃഷ്ടിച്ച്, പുനരുദ്ധാരണവും നവീകരണവും നടപ്പാക്കി സജീവമായ നഗര ഹബ്ബായി രൂപപ്പെടുത്തികൊണ്ട് പ്രാദേശികവാസികളെയും സന്ദർശകരെയും ആകർഷിക്കുന്ന ഒരു പ്രധാന കേന്ദ്രമായി മാറ്റുക.

**(ബി.) പദ്ധതിയുടെ ലക്ഷ്യങ്ങൾ.**

i. മഹാറാണി മാർക്കറ്റ്, ചാമക്കട മാർക്കറ്റ് എന്നിവയുടെ ചുറ്റുമുള്ള പുരാതനവും ചരിത്ര പ്രാധാന്യമുള്ളതുമായ വ്യാപാര മേഖലയുടെ പൈതൃകവും തനിമയും നിലനിർത്തികൊണ്ട് പുനരുദ്ധാരണം നടത്തി അവയ്ക്ക് നവീന സൗകര്യങ്ങൾ നൽകുക.

ii. കൊല്ലം തോടിൻറെ സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നൽകികൊണ്ട് ഒരു പ്രധാന ടൂറിസം കൊറിഡോർ ആയി രൂപപ്പെടുത്തുക.

iii. ചിന്നക്കട മേഖലയെ പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ (PPP മോഡൽ) നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി പ്രയോജനപ്പെടുത്തി ആസൂത്രണത്തോടെ വികസിപ്പിച്ച് നഗരത്തിന്റെ വാണിജ്യ, സാമ്പത്തിക കേന്ദ്രീമാക്കി മാറ്റുക.

iv. പരിസ്ഥിതി സൗഹൃദ ഗതാഗതരീതികളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈ പ്രദേശത്തെ ഗതാഗതം സുഗമമാക്കുക.

(സി) അതിരുകൾ:

വടക്ക് : കൊല്ലം ഈസ്റ്റ് വില്ലജ് ബ്ലോക്ക് നമ്പർ : 165 {സർവ്വേ നമ്പർ - 1(p),2(p),60(p), ,71(p),75(p),41(p),84(p),85(p),86(p),51(p)} , 166{സർവ്വേ നമ്പർ - 17(p), 21(p), 19(p), 24(p), 28(p),} ,168 { സർവ്വേ നമ്പർ - 20(p), 32, 33(p), 34 (p), 27(p), 26(p), 24(p), 39(p), 40(p), 41(p), 44(p), 45(p), 46(p), 47(p), 48(p), 49(p), 50(p)}, 172{സർവ്വേ നമ്പർ-8(p), 67(p), 12(p), 15(p), 17(p), 18(p), 69(p), 20(p), 21(p), 22(p), 41(p), 42(p), 43(p), 60(p), 61(p), 64(p), 53(p), 52(p)}, കൊല്ലം വെസ്റ്റ് വില്ലജ് ബ്ലോക്ക് നമ്പർ - 205 {സർവ്വേ നമ്പർ - 114 (p)}

കിഴക്ക് : കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ : 153 { സർവ്വേ നമ്പർ - 1(p),26, 24, ,27 }, 152 {സർവ്വേ നമ്പർ- 20}, 148{ സർവ്വേ നമ്പർ -38, 37, 28}, 172{ സർവ്വേ നമ്പർ -52 (p)},

തെക്ക് : കൊല്ലം വെസ്റ്റ് വില്ലജ് ബ്ലോക്ക് നമ്പർ : 194{സർവ്വേ നമ്പർ -2, 3, 9, 8, 11, 12, 15}, 193{ സർവ്വേ നമ്പർ - 2, 5, 14, 25, 26, 16, 17, 18, 19, 123, 1(p), 124, 125}, 191 {സർവ്വേ നമ്പർ- 1, 11, 12, 24, 14, 26, 39}, 190{ സർവ്വേ നമ്പർ - 0, 99, 100, 101, 102}, 185{സർവ്വേ നമ്പർ :-75(p), 21, 18(p), 30(p), 31(p), 34(p), 38(p), 41(p), 42(p), 43(p), 65(p), 57(p), 58(p), 107(p), 51(p)}, കൊല്ലം ഈസ്റ്റ് വില്ലജ് ബ്ലോക്ക് നമ്പർ 148 { സർവ്വേ നമ്പർ - 6(p), 71, 25 (p)}

പടിഞ്ഞാറ്: കൊല്ലം വെസ്റ്റ് വില്ലജ് ബ്ലോക്ക് നമ്പർ : 205 {സർവ്വേ നമ്പർ - 112, 113 }, 204 { സർവ്വേ നമ്പർ - 9, 28, 29}, 203 {സർവ്വേ നമ്പർ - 1, 62, 89, 63, 64, 65, 66, 67, 68, 90}, 195 {സർവ്വേ നമ്പർ - 1(p), 2, 3, 6, 9, 10, 11, 18, 19, 20, 21, 22, 24, 29(p), 30}

(ഡി.) റവന്യൂ സർവ്വേ/അല്ലെങ്കിൽ റീ സർവ്വേ നമ്പരുകൾ ബാധകമാകുന്ന പക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്.

കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് 148 {1 മുതൽ 5 വരെ , 6(p), 7 മുതൽ 24 വരെ, 25(p), 70}, 152 {1 മുതൽ 19 വരെ, 29 മുതൽ 33 വരെ }, 153 {1 (p)}, 165 {1(p),2(p), 41(p),42 മുതൽ 50 വരെ, 51(p), 60(p), 61 മുതൽ 64 വരെ, 71(p), 75(p), 76, 84(p), 85(p), 86(p), 87, 88}, 166 {17(p),19(p), 20, 21(p), 22, 23, 24(p), 28(p), 29 മുതൽ 33 വരെ }, 168 {20(p), 24(p), 26(p), 27(p), 33(p), 34(p), 35 മുതൽ 38 വരെ, 39(p), 40(p), 41(p), 43, 44(p), 45(p), 46(p), 47(p), 48(p), 49(p), 50(p)}, 172 {8(p), 9 മുതൽ 11 വരെ , 12(p), 15(p), 16, 17(p), 18(p), 19, 20(p), 21(p), 22(p), 41(p), 42(p), 43(p), 52(p), 53(p), 60(p), 61(p), 64(p), 67(p), 68, 69(p)}, 173 { 1 മുതൽ 54 വരെ

}, **174** {1 മുതൽ 66 വരെ }, **175** {1 മുതൽ 184 വരെ }, **176** {1 മുതൽ 74 വരെ }, **177** {1 മുതൽ 75 വരെ }, **178** {1 മുതൽ 198 വരെ }, **179** {1 മുതൽ 91 വരെ }, **180** {1 മുതൽ 58 വരെ }, **181** {1 മുതൽ 83 വരെ }, **182** {1 മുതൽ 147 വരെ }, **183** {1 മുതൽ 152 വരെ }, **184** {1 മുതൽ 103 വരെ }, **185** {1 മുതൽ 17 വരെ, 18(p), 30(p), 31(p), 32, 33, 34(p), 38(p), 39, 40, 41(p), 42(p), 43(p), 44 മുതൽ 50 വരെ, 51(p), 57(p), 58(p), 75(p), 76 മുതൽ 79 വരെ, 105, 106, 107(p)}.

**കൊല്ലം വെസ്റ്റ് വില്ലേജ് ബ്ലോക്ക് 193 {1(p)}, 194 {10}, 195 {29(p), 23, 1(p)}, 203 {69}, 204 {30}, 205 {114(p)}**

**(ഇ) ആസൂത്രണ പ്രദേശത്തിലെ ഏകദേശ വിസ്തൃതി :- 60.28 ഹെക്ടർ**

ആസൂത്രണ പ്രദേശത്തിൻറെ മാപ്പുകൾ (ഡിഎസ്എൻ/01-A, ഡിഎസ്എൻ/01-B) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ, ഓഫീസ് പ്രവൃത്തി സമയത്ത് പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്നു.

2016-ലെ കേരള നഗര- ഗ്രാമാസൂത്രണ ആക്റ്റിലെ 46-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പും പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

17/1/25

മേയർ

സെക്രട്ടറി

MUNICIPAL CORPORATION OFFICE • KOLLAM •

സ്ഥലം : കൊല്ലം

തീയതി : 16.01.2025